# മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്

മെ.വി.വ -ജീവനക്കാര്യം എൽ.ഡിക്ലാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കർക്കും സബോർഡിനേററ് സർവീസിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്കും തസ്തിക മാററം വഴി നിയമനം നൽകുന്നത് -നിയമനം നടപ്പാക്കുന്നതിന് വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം: 1. 03.01.2014 ലെ സ.ഉ(പി) നം.1/2014/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്
2.19/07/2014 ലെ സ.ഉ(പി)നം. 21/2014/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്
3. 24/02/2015 ലെ 30174/കെ2/2014/ആ.കു.വ നമ്പർ സർക്കാർ കത്ത്

## ഉത്തരവ് നമ്പർ ഇ5/6666/2014/ഡി.എം.ഇ തീയതി: 07/03/2015

I. വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേററ് സർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടേയും സീനിയോറിററിയുടേയും അടിസ്ഥാനത്തിൽ അതാത് വകുപ്പുകളിലെ എൽ.ഡിക്ലാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് ഉണ്ടാകുന്ന ഒഴിവുകളുടെ 10% വകുപ്പുതലത്തിൽ തസ്തികമാററം മുഖേന നിയമനം നൽകുന്നതിന് സൂചന ഒന്ന് പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

II. പരാമർശത്തിലെ സർക്കാർ ഉത്തരവുകളിലും സർക്കാർ കത്തിലും പരാമർശിച്ചിട്ടുള്ള സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേററ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും തസ്തിക മാററം വഴി എൽ.ഡിക്ലാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനം നൽകുന്നതിന് താഴെപ്പറയുന്ന നിബന്ധനകൾ നിശ്ചയിച്ച് ഉത്തരവാകുന്നു.

1. തസ്തികമാററം ലഭിക്കേണ്ടവർ താഴ്ന്ന തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ചവരായിരിക്കണം.
2. താഴ്ന്ന തസ്തിക/തസ്തികകളിൽ മൂന്ന് വർഷത്തെ സേവനം പൂർത്തീക രിച്ചിരിക്കണം.
3. തസ്തികമാററം ലഭിക്കേണ്ടവർ എൽ.ഡി ക്ലാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനത്തിന് നിഷ്കർഷിച്ചിട്ടുള്ള ഏററവും കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയുള്ളവരായിരിക്കണം

യോഗ്യത: എൽ.ഡിക്ലാർക്ക്: S.S.L.C വിജയം

എൽ.ഡി ടൈപ്പിസ്റ്റ് :
1. S.S.L.C വിജയം
2. Typewriting Malayalam (Lower (KGTE))
3. Typewriting English (Lower (KGTE) & Computer word processing

4. പൂർണ്ണമായും സീനിയോറിററി അടിസ്ഥാനത്തിലായിരിക്കണം തസ്തികമാററം വഴിയുള്ള നിയമനം നടത്തേണ്ടത്. ജില്ലാതലത്തിലുള്ള എൻട്രി കേഡറിലെ സംയോജിത സീനിയോരിററി ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് നിയമനം നടത്തേണ്ടത് സീനിയോരിററിക്ക് പി.എസ്.സി വഴി നിയമനം ലഭിച്ചവർക്ക് പി.എസ്.സിയുടെ നിയമന ശുപാർശ തീയതിയും, എംപ്ലോയ്മെന്റ് എക്സ്ചേചേഞ്ച് വഴി റഗുലർ നിയമനം ലഭിച്ചവർക്ക് ഫുൾടൈം നിയമന ഉത്തരവിന്റെ തീയതിയും, അതിലെ ക്രമനമ്പർ അനുസരിച്ചും, സർക്കാർ ഉത്തരവ് വഴി നിയമനം ലഭിച്ചവർക്ക് സർക്കാർ ഉത്തരവ് തീയതിയും, സീനിയോരിററിക്ക് ബാധകമാക്കേണ്ടതാണ്. അന്തർ വകുപ്പ് സ്ഥലമാററം വാങ്ങി

വന്നവർക്ക് ഈ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതലുമാണ് സീനിയോരിററിക്ക് അർഹത. പ്രവേശന കാലം നീട്ടിവാങ്ങിയതുമൂലം സീനിയോരിററി നഷ്ടപ്പെട്ടവർക്ക് ജോലിയിൽ പ്രവേശിച്ച തീയതി മുതലുമാണ് സീനിയോറിററിക്ക് അർഹത. സീനിയോറിററി സംബന്ധിച്ച് കെ.എസ്.&എസ്.എസ്.ആർ ചട്ടം 27(സി) ബാധകമായിരിക്കും.

5. മെഡിക്കൽ വിദ്യാഭ്യാസവകുപ്പിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിലുള്ള 10% തസ്തിക മാററനിയമനം ജില്ലാതലത്തിലാണ് നടത്തേണ്ടത്. ഇതിന് വകുപ്പിന് ജില്ലയിൽ വരുന്ന സ്ഥാപനങ്ങളിലെ എൽ.ഡിക്ലാർക്ക് തസ്തികകളുടെ കേഡർ സ്ട്രെംഗ്ത്, ബന്ധപ്പെട്ട ഗവണ്മെന്റ് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ നിജപ്പെടുത്തി ഉത്തരവായതിനുശേഷം മാത്രമേ നിയമനങ്ങൾ നടത്താവൂ. ഇതിലേക്ക് ദന്തൽ കോളേജ്, നഴ്സിംഗ് കോളേജ്, തുടങ്ങി എല്ലാ സ്ഥാപനങ്ങളിലെയും കേഡർ സ്ട്രെംഗ്ത് അതാത് ജില്ലകളിലെ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾമാർക്ക് ലഭ്യമാക്കേണ്ടതാണ്. ജില്ലാതലത്തിലെ കരട് പട്ടിക തയ്യാറാക്കി, പരാതി പരിഹരിച്ച്, അന്തിമ പട്ടിക പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ എൽ.ഡി. ക്ലാർക്ക് തസ്തികയിലെ തസ്തികമാററ നിയമനങ്ങൾ ബന്ധപ്പെട്ട മെഡിക്കൽകോളേജ് പ്രിൻസിപ്പാൾമാർക്ക് നടത്താവുന്നതാണ്.

6. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ എൽ.ഡി ക്ലാർക്ക് തസ്തികയിലെ തസ്തികമാററം വഴി നിയമനം നടത്തേണ്ട നിയമനാധികാരിയായി അതാത് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾമാരെ ഇതോടൊപ്പം ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

7. തിരുവനന്തപുരം ജില്ലയിലെ നിയമനം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേററിൽ നിന്നായിരിക്കും ഇതിലേക്ക് തയ്യാറാക്കിയ അന്തിമ നിയമന പട്ടികയും ഒഴിവ് വിവരങ്ങളും തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡയറക്ടർക്ക് നൽകേണ്ടതാണ്.

8. എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ഉണ്ടാകുന്നതും റിപ്പോർട്ടു ചെയ്യാത്തതും ആയ ഒഴിവുകളിൽ ആദ്യത്തെ ഒഴിവ് 03/01/2014 ലെ സ.ഉ.(പി) 01/14/ഉ.ഭ.പ.വ പ്രകാരമുള്ള തസ്തികമാററം വഴിയുള്ള വകുപ്പുതല നിയമനത്തിനായി മാററി വയേ്ക്കേണ്ടതും തുടർന്നുള്ള 9 ഒഴിവുകൾ (ആശ്രിതനിയമനം അന്തർജില്ലാ സ്ഥലം മാററം തുടങ്ങിയവക്ക് നീക്കിവക്കേണ്ട ഒഴിവുകൾ ഒഴികെ) പി.എസ്.സിക്ക് റിപ്പോട്ടു ചെയ്യേണ്ടതുമാണ്.

9. കേഡർ സ്ട്രെംഗ്തിന്റെ 10% ത്തിൽ ഇപ്രകാരമുള്ള തസ്തികമാററ നിയമനം എത്തിച്ചേരുന്നത് വരെ തുടരേണ്ടതും തുടർന്ന് കേഡർ സ്ട്രെംഗ്തിന്റെ 10% ത്തിൽ ഈ നിയമനങ്ങൾ നിജപ്പെടുത്തേണ്ടതുമാണ്. ഒരു സാഹചര്യത്തിലും പ്രസ്തുത നിയമനം 10% ത്തിൽ അധികരിക്കാൻ പാടുള്ളതല്ല.

10. കേഡർ സ്ട്രെംഗ്തും ഒഴിവുകളും കണക്കാക്കേണ്ടത് 03.01.2014 മുതലാണ്

11. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ടൈപ്പിസ്റ്റ് തസ്തികകളുടെ എണ്ണവും ഒഴിവും പരിമിതമായതിനാൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്കുള്ള ഒഴിവുകളിലെ 10% തസ്തികമാററ നിയമനം സംസ്ഥാനാടിസ്ഥാനത്തിലായിരിക്കും നടത്തുന്നത്. ഇതിലേക്ക് 03/01/2014 മുതൽ ഉണ്ടായിട്ടുള്ള ടൈപ്പിസ്റ്റ് തസ്തികകളിലെ ഒഴിവും കേഡർ സ്ട്രെംഗ്തും ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരും മററു സ്ഥാപനമേധാവികളും ഡയറക്ടറേററിൽ അറിയിക്കേണ്ടതാണ്.

12. എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികലേക്കുള്ള തസ്തികമാററത്തിന് അപേക്ഷിച്ച ജീവനക്കാരുടെ കരട് പട്ടിക ജില്ലാതലത്തിൽ തയ്യാറാക്കി, പരാതി പരിഹരിച്ച് അന്തിമ പട്ടിക തയ്യാറാക്കി ഡയറക്ടറേററിലേക്ക്, ബന്ധപ്പെട്ട മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾമാർ അയച്ചുതരേണ്ടതാണ്. ശേഷം ഈ പട്ടിക സംസ്ഥാന തലത്തിൽ സംയോജിപ്പിച്ച്, ഡയറക്ടറേററിൽ നിന്ന് എൽ.ഡി ടൈപ്പിസ്റ്റ് തസ്തികലേക്കുള്ള തസ്തികമാററ നിയമനം നടത്തുന്നതായിരിക്കും.

13. തസ്തികമാററനിയമനത്തിനായി എൽ.ഡി ക്ലാർക്കിനും എൽ.ഡി ടൈപ്പിസ്റ്റിനും പ്രത്യേകം പട്ടികകൾ പ്രസിദ്ധീകരിക്കേണ്ടതാണ്.

14. തസ്തികമാററ നിയമനത്തിനുള്ള പട്ടിക തയ്യാറാക്കേണ്ടത്, ഡയറക്ടറേററിലെ 07/04/2014 ലെ ഇ5/6666/2014/ഡി.എം.ഇ സർക്കുലർ പ്രകാരം നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിച്ചവരിൽ നിന്നാണ്. ഇതിലേക്ക് പുതിയ അപേക്ഷ വിളിക്കുകയോ, പുതിയ അപേക്ഷ ചേർക്കുകയോ ചെയ്യരുത്. ഓരോ അപേക്ഷയോടൊപ്പവും നിയമന ഉത്തരവ്, ജോലിയിൽ പ്രവേശിച്ച ഉത്തരവ്, പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവ് എന്നിവയുടെ പകർപ്പ് ഉണ്ടായിരിക്കേണ്ടതാണ്. പകർപ്പ് ലഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ സേവന പുസ്തകത്തിലെ പ്രസക്തഭാഗത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾക്കൊള്ളിക്കേണ്ടതാണ്. ഡയറക്ടറേററിലെ പ്രാഥമിക പരിശോധനയിൽ, തസ്തികമാററ നിയമനത്തിന് ലഭിച്ച പല അപേക്ഷകളിലും വിവരങ്ങൾ അപൂർണ്ണമോ, അസത്യമോ, വിവരങ്ങൾ തെളിയിക്കാനുതകുന്ന രേഖകളുടെ പിൻബലമോ ഇല്ലാത്തതാണ്. ആയതിനാൽ കരട് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുമ്പായി അപേക്ഷകരുടെ വിവരങ്ങൾ സേവന പുസ്തകവുമായി ഒത്തു നോക്കി പട്ടികയിലെ വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രമേ പട്ടിക പ്രസിദ്ധീകരിക്കാവൂ.

15. എൽ.ഡി. ക്ലാർക്കിനെക്കാൾ താഴ്ന്ന ശമ്പള സ്കെയിലുകളിൽ (9190-15789 നു താഴെ) നിയമനം നേടിയവരും, എന്നാൽ ഇപ്പോൾ എൽ.ഡി. ക്ലാർക്കിന്റെ ശമ്പള സ്കെയിലോ (9940-16580) അതിനു മുകളിലോ ശമ്പള സ്കെയിലുള്ളവർക്ക് 10% തസ്തികമാററ നിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. അതായത് താഴ്ന്ന തസ്തികയാണെങ്കിലും സമയബന്ധിത ഹയർഗ്രേഡ്, പ്രൊമോഷൻ, റേഷ്യോ പ്രൊമോഷൻ, റഗുലർ പ്രൊമോഷൻ ശമ്പള പരിഷ്കരണം , ശമ്പള സ്കെയിൽ ഉയർത്തൽ എന്നിവ മൂലം ശമ്പള സ്കെയിൽ 9940 -16580 ലോ അതിനു മുകളിലോ എത്തിയവർ തസ്തിക മാററ നിയമനത്തിന് അർഹരല്ല. ആയതിനാൽ ഇക്കാര്യത്തിൽ നിലവിലെ ശമ്പള സ്കെയിൽ (2009 ശമ്പള പരിഷ്കരണം) മാനദണ്ഡമായി സ്വീകരിക്കേണ്ടതാണ്. കൂടാതെ പാർട്ട് ടൈം തസ്തികയിൽപ്പെടുന്നവർ ഈ നിയമനത്തിന് അർഹരല്ല. മേൽ മാനദണ്ഡമനുസരിച്ച് യോഗ്യതയുള്ളവരും അപേക്ഷകരുമായ എല്ലാ റഗുലർ ജീവനക്കാരും തസ്തികമാററത്തിന്റെ പട്ടികയിൽ ഉൾക്കൊള്ളിക്കാവുന്നതാണ്. ഇക്കാര്യങ്ങൾ നിർബന്ധമായും സേവന പുസ്തകവും അനുബന്ധരേഖകളും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

16. തെററായ വിവരങ്ങൾ നൽകി പട്ടികയിലുൾപ്പെട്ടവരെ കണ്ടെത്തിയാൽ പട്ടികയിൽ നിന്ന് ഒഴിവാക്കുകയോ, അർഹമായ സ്ഥാനത്തേക്ക് മാററുകയോ ചെയ്യുക. ശേഷം തെററായ വിവരങ്ങൾ നൽകിയതിന് നടപടികൾ സ്വീകരിക്കുക. ഇക്കാര്യം നിയമന ഉത്തരവിലും പ്രതിപാദിക്കേണ്ടതാണ്.

17. മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിന്ന് എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്ക് തസ്തികമാററത്തിന് ഒരു അപേക്ഷ മാത്രമാണ് ലഭിച്ചിട്ടുള്ളത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്ന് പ്രൊമോഷൻ വഴി സ്ഥലം മാററപ്പെട്ട ഈ ജീവനക്കാരിയുടെ അപേക്ഷ, മഞ്ചേരി മെഡിക്കൽ കോളേജിൽ 10% തസ്തികമാററത്തിന് ആവശ്യമായ തസ്തികകൾ ഇല്ലാത്തതും, അപേക്ഷക തിരുവനന്തപുരം ജില്ലയിൽ നിന്ന് പ്രൊമോഷൻ വഴി സ്ഥലം മാററപ്പെട്ടയാളും എന്നത് പരിഗണിച്ചും പ്രസ്തുത അപേക്ഷ തിരുവനന്തപുരം ജില്ലക്ക് തയ്യാറാക്കപ്പെടുന്ന പട്ടികയിൽ ഉൾപ്പെടുത്താനും ഉത്തരവാകുന്നു.

18. പുതിയ ഗവണ്മെന്റ് മെഡിക്കൽ കോളേജുകളായ മഞ്ചേരി, ഇടുക്കി എന്നിവിടങ്ങളിൽ തസ്തികമാററ നിയമനത്തിന് ആവശ്യമായ തസ്തികകളും അപേക്ഷകളും ഇല്ലാത്തതിനാൽ ഈ ജില്ലകളിലെ നിയമനം സംബന്ധിച്ച് സർക്കാരിന്റെ ഉപദേശമനുസരിച്ച് തീരുമാനമെടുക്കുന്നതാണ്.

19. തസ്തികമാററ നിയമനത്തിന് ഡയറക്ടറേററിൽ ലഭിച്ച നിശ്ചിത മാതൃകയിലെ അപേക്ഷകൾ ബന്ധപ്പെട്ട മെഡിക്കൽ കോളേജിലേക്ക് മേൽ നിർദ്ദേശ പ്രകാരം നടപടികൾ സ്വീകരിക്കുന്നതിനായി ഇതോടൊപ്പം അയക്കുന്നു. ഇതു സംബന്ധിച്ച നടപടികൾ പരാമർശത്തിലെ സർക്കാർ ഉത്തരവുകളും ഈ ഓഫീസ് ഉത്തരവും അനുസരിച്ച് നടത്തേണ്ടതാണ്, ഇതു സംബന്ധിച്ച് തയാറാക്കുന്ന പട്ടികകളും നടപടി റിപ്പോർട്ടും ഡയറക്ടറേററിലേക്ക് അയച്ചു തരേണ്ടതുമാണ്.

ഒപ്പ്/-

ഡോ. വി ഗീത

മെഡിക്കൽ വിദ്യാഭ്യാസ ഡയർക്ടർ

1. ഗവണ്മെന്റ് സെക്രട്ടറി, ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് (ആമുഖ കത്തോടെ), തിരുവനന്തപുരം
2. പ്രിൻസിപ്പൽ, ഗവണ്മെന്റ് മെഡിക്കൽ കോളേജ്, തിരുവനന്തപുരം/കോട്ടയം/ തൃശ്ശൂർ/കോഴിക്കോട്/ഇടുക്കി/ആലപ്പുഴ/മഞ്ചേരി
3. പ്രിൻസിപ്പൽ, ഗവണ്മെന്റ് ദന്തൽ കോളേജ്, തിരുവനന്തപുരം/കോട്ടയം/ കോഴിക്കോട്/ആലപ്പുഴ
4. പ്രിൻസിപ്പൽ, ഗവണ്മെന്റ് കോളേജ് ഓഫ് നഴ്സിംഗ്, തിരുവനന്തപുരം/കോട്ടയം/ കോഴിക്കോട്/ആലപ്പുഴ/തൃശ്ശൂർ
5. ഡയറക്ടർ, കണ്ണാശുപത്രി, തിരുവനന്തപുരം
6. സൂപ്രണ്ട്, മെഡിക്കൽ കോളേജ് ആശുപത്രി,തിരുവനന്തപുരം/കോട്ടയം/തൃശ്ശൂർ/ കോഴിക്കോട് /ആലപ്പുഴ
7. സൂപ്രണ്ട്, എസ്.എ.ററി ആശുപത്രി, മെഡിക്കൽ കോളേജ് ,തിരുവനന്തപുരം
8. സൂപ്രണ്ട്, കുട്ടികളുടെആശുപത്രി, മെഡിക്കൽ കോളേജ് ,കോട്ടയം
9. MCCH, മെഡിക്കൽ കോളേജ്, തൃശ്ശൂർ
10. IMCH, മെഡിക്കൽ കോളേജ്, കോഴിക്കോട്
11. ഡയറക്ടറുടെ സി.എ, സീനിയർ അഡ്മിനിസ്ട്രേററീവ് ഓഫീസർ/എ.എ.1
12. സ്റ്റോക്ക് ഫയൽ/ സ്റ്റോക്ക് ഫയൽ/ റെക്കോർഡ്സ്/ആഫീസ് കോപ്പി/ഇ1 സീററ്

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

ഉള്ളടക്കം: അപേക്ഷകൾ